**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 165** **23-01-2025-ൽ മറുപടിയ്ക്ക്**

**<u>കേരളത്തിലെ ആരോഗ്യ മേഖല ലോകോത്തര നിലവാരത്തിൽ ഉയർത്താൻ സ്വീകരിച്ച നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. പി. മോഹനൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ ആരോഗ്യമേഖല ലോകോത്തര നിലവാരത്തിൽ ഉയർത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു

**(ബി)** മെഡിക്കൽ, നഴ്സിംഗ്, പാരാമെഡിക്കൽ, ദന്തൽ, ഫാർമസി എന്നീ കോഴ്സുകളും കോളേജുകളും കൂടുതലായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** കേരളത്തിലെ സർക്കാർ, സ്വാശ്രയ മേഖലകളിൽ പുതിയ മെഡിക്കൽ/ഡെന്റൽ കോളേജ്, നിലവിലുള്ള മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ പുതിയ മെഡിക്കൽ/ഡെന്റൽ ബിരുദ/ ബിരുദാനന്തര ബിരുദ/സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകൾ/ശിപാർശകൾ നാഷണൽ മെഡിക്കൽ കമ്മീഷൻ/ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ പുറത്തിറക്കിയിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് കോളേജ്/ കോഴ്സ് ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം അനുവാദം നൽകി വരുന്നു.

ജോലി സാധ്യതയുള്ള നിരവധി പാരാമെഡിക്കൽ ബിരുദ ബിരുദാനന്തര കോഴ്സുകളും ഫാർമസി ബിരുദ ബിരുദാനന്തര കോഴ്സുകളും ആരോഗ്യ സർവകലാശാലയുടെ കീഴിൽ ആരംഭിക്കുന്നതിനു സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാരിൽ ലഭ്യമായ അപേക്ഷകളിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, മിനിമം സ്റ്റാൻഡേർഡ് റിക്വയർമെൻസിന്റെ (MSR) അടിസ്ഥാനത്തിൽ പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് കോഴ്സുകൾ തുടങ്ങാൻ അനുമതി (NOC) നൽകി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ മേഖലയിൽ 7 നഴ്സിംഗ് കോളേജുകളും തിരുവനന്തപുരം നഴ്സിംഗ് കോളേജിന് അനുബന്ധമായി 100 സീറ്റോടെ അധിക ബാച്ചും ആരംഭിച്ചു. സർക്കാർ നിയന്ത്രണത്തിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (സിമെറ്റ്), സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (സിപാസ്), കോഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്) എന്നിവക്ക് കീഴിൽ 12

നഴ്സിംഗ് കോളേജുകളും ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ സ്വാശ്രയ മേഖലയിൽ 21 നഴ്സിംഗ് കോളേജുകളും 12 നഴ്സിംഗ് സ്കൂളുകളും ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**